ENTRI

# NURSERY SCHOOL TEACHER

# വിദ്യാഭ്യാസ ദർശനങ്ങൾ

# PART 1

VINU SREEDHAR

# വിദ്യാഭ്യാസ ദർശനങ്ങൾ

- വിദ്യാഭ്യാസത്തിൽ നാലു പ്രധാന സമീപനങ്ങളുടെ സ്വാധീനം കാണാൻ കഴിയും.
- അവ ആദർശവാദം (Idealism) പ്രകൃതിവാദം (Naturalism) പ്രായോഗികവാദം (Pragmatism) യാഥാർത്ഥ്യവാദം (Realism) എന്നിവയാണ്.

- ഓരോന്നും ഓരോ ദർശനത്തെ ഉൾക്കൊള്ളുന്നു. ഓരോ ദർശനവും വിദ്യാഭ്യാസത്തിന്റെ വിവിധ അംശങ്ങളെ അതിൻറെ കാഴ്ചപ്പാടിലൂടെ അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു.
- ഈ വ്യാഖ്യാനഭേദങ്ങൾ വിദ്യാഭ്യാസത്തെ ഏതുതരത്തിൽ സ്വാധീനിക്കുന്നു എന്നു പരിശോധിക്കാം.

## ആദർശവാദം (IDEALISM)

- ലോക
  ത്ത് ഏറ്റവും ആദ്യം രൂപംകൊണ്ട ദർശനമാ
- ശ്രേഷ്ഠരായ ദാർശനികരിലും വിദ്യാഭ്യാസ ചിന്തകരിലും ഏറിയ പങ്കും ഈ ദർശനം പുലർത്തിയവരാണ്.

- ഇന്നും ഈ ദർശനം വിദ്യാഭ്യാസത്തിൽ വലിയ സ്വാധീനം ചെലുത്തുന്നു.
- പാശ്ചാത്യ ദേശത്ത് **സോക്രട്ടീസും പ്ലേറ്റോയും** ആയിരുന്നു ഈ രംഗത്തെ ആദ്യദാർശനികർ.
- പൗരസ്ത്യദേശ
  ത◌്ത് അത് ഉപനിഷത്തുകളിൽ നിന്നാണ് ഉത്ഭ

ENTRI

a. എന്താണ് ആദർശവാദം?

- മനുഷ്യന് രണ്ടു മുഖങ്ങളാണ് - ആത്മീയവും ഭൗതികവും.
- ആത്മീയ ജീവിതത്തിൻ്റ സാക്ഷാത്കാരത്തിനാണ് ഊന്നൽ നൽകുന്നതെങ്കിൽ അത് ആദർശവാദമാണ്.

- ആദർശവാദി ജീവിതത്തിലെ ഭൗതികമൂല്യങ്ങൾക്കു വില കല്പിക്കുന്നില്ല.
- ഭൗതിക പ്രപഞ്ചം സത്യത്തെ പൂർണ്ണമായി പ്രതിഫലിപ്പിക്കുന്നില്ല
  എന്ന് അയാൾ വിശ്വസിക്കുന്നു.
- ആദർശവാദിയെ സംബന്ധിച്ചിടത്തോളം ഭൗതികലോകം അതിൻറെ പിന്നിൽ പ്രവർത്തിക്കുന്ന ഒരു ആത്മീയ ശക്തിയുടെ തെളിവു മാത്രമാണ്.

- മനസ്സിന് ആശയങ്ങളെ സൃഷ്ടിക്കാനാവും, അവ നശിക്കുകയുമില്ല. അതായത് മന
സ◌്സ് യാഥാർത്ഥ്യമാണ്, അതേ സമയം ദ്രവ്യം
- ആദർശവാദി
ക◌്ക് മനസ്സും ആത്മാവുമാണ് പ്രധാനം; ദ്രവ്യ
- അയാളുടെ ദൃഷ്ടിയിൽ പരിസ്ഥിതി അത് ഭൗതികമായാലും സാമൂഹികമായാലും - മനുഷ്യൻ്റെ പരമമായ വികസനത്തിന് കാരണമാകുന്നില്ല.

- ആദർശവാദി കരുതുന്നത് മനുഷ്യ വ്യക്തിത്വത്തിന്റെ വികസനമാണ് ജീവിതത്തിൻറെ ആദർശാത്മകലക്ഷ്യം എന്നത്രെ.
- “മനുഷ്യ വ്യക്തിത്വത്തെ ഉദാത്തമാക്കുക” - ഇതാണ് ആദർശാത്മക ദർശനത്തിന്റെ സത്ത.

ENTRI

- റോസ് (Ross) പറയുന്നു. "മനുഷ്യൻ്റെ വ്യക്തിത്വമാണ് ഏറ്റവും അമൂല്യമായത്; അതാണ് ദൈവത്തിൻ്റെ ഏറ്റവും മഹത്തായ സൃഷ്ടി."
- ഇക്കാരണങ്ങളാൽ മനുഷ്യ വ്യക്തിത്വത്തിൻ്റെ ഈ മഹിമ ഉയർത്തിപ്പിടിക്കാനാണ് ആദർശാകദർശനം ആദ്യം തന്നെ ശ്രദ്ധിക്കുന്നത്.

ENTRI

- ആദർശവാദികൾ മറ്റെല്ലാറ്റിനും ഉപരി മനസ്സിനെ പ്രതിഷ്ഠിച്ചിരിക്കുന്നു. അവർ പരിണാമ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നു.
- ജൈവ പരിണാമത്തിന് ഊന്നൽ നൽകാതെ മനസ്സിന്റെ പരിണാമത്തിനാണ് പ്രാധാന്യം നൽകുന്നതെന്നു മാത്രം.
- മനുഷ്യനെയും പ്രപഞ്ചത്തിന്റെയും പുരോഗമനേച്ഛ
  ക്ക് അതാണ് കാരണം എന്നു അവർ കരുത

- മനസ്സിന്റെ സമ്പൂർണ്ണ പരിണാമം സാധ്യമായാൽ മനുഷ്യന് തെറ്റുകൾ ഒഴിവാക്കി ശരിയേതെന്നു കണ്ടെത്താൻ കഴിയും; നന്മ ചെയ്യാനും തിന്മ ഒഴിവാക്കാനും കഴിയും; സൗന്ദര്യത്തെ ആസ്വദിക്കാനും വൈരൂപ്യത്തെ തള്ളിക്കളയാനും കഴിയും.
- സത്യം, നന്മ (ശിവം), സൗന്ദര്യം എന്നിവയാണ് ആത്മീയ മൂല്യങ്ങൾ.

ENTRI

- അവ സാക്ഷത്കരിക്കാനാവണം മനുഷ്യന്റെ ശ്രമം. ഈ ധർമ്മമാണ് ആദർശവാദം വിദ്യാഭ്യാസത്തിനു നൽകുന്നത്.
- ഇന്ദ്രിയ വേദനത്തിലൂടെ നേടുന്ന ജ്ഞാനമല്ല,
  മറി
  ച ്ച് മനോവ്യാപാരഫലമായി വികസിക്കുന്ന വി

- മനുഷ്യനെ മറ്റു ജീവികളിൽ നിന്നു വ്യത്യസ്തനാക്കുന്നത് ബുദ്ധിയും സർഗ്ഗപരതയും ചലനാത്മകതയുമാണ്.
- മനുഷ്യൻ ഈ ശക്തികൾ വേണ്ടപോലെ പ്രയോഗിച്ചാൽ അയാൾ ആദർശ പുരുഷനാകും; അയാളുടെ വ്യവഹാരങ്ങൾ മാനുഷിക വ്യവഹാരങ്ങളാകും.

- മറി
  ച്ച് ഈ ശക്തികളെ ദുരുപയോഗപ്പെടുത്തു
- ഈ ശക്തികളുടെ ശരിയായ പ്രയോഗത്തിലൂടെ മനുഷ്യൻ സാംസ്കാരികാന്തരീക്ഷം സൃഷ്ടിക്കുന്നു.

- ഈ ശക്തികൾക്കു മൂർച്ച കൂട്ടാനും അങ്ങനെ ആത്മീയാനന്ദം കൈവരിക്കാനും മനുഷ്യനെ സഹായിക്കുന്നത് വിദ്യാഭ്യാസമാണ്.
- കുതിരയെയും പട്ടിയെയും പരിശീലിപ്പിക്കാം; പക്ഷേ അവയ്ക്കു വിദ്യാഭ്യാസം നൽകാനാവില്ല.

- അവയെ പരിശീലിപ്പിക്കുന്നത് സന്ദർഭങ്ങളുടെ അനുബന്ധനത്തിൻറെ ഓർമ്മയിലൂടെയാണ്.
- ആ പരിശീലനം ബോധപൂർവ്വം ആശയങ്ങളെ സംബന്ധിപ്പിച്ചു കൊണ്ടു നടത്തുന്ന യുക്തി ചിന്തയിലൂടെയുള്ള വിദ്യാഭ്യാസമാവുകയില്ല.

ENTRI

- മനുഷ്യന്
  ചരിത്രമു
  ണ്ട്; സാഹിത്യവും ശാസ്ത്രവും കലകളും ഉള
- ആദർശവാദത്തിലെ രണ്ടാമത്തെ ആശയം 'ആത്മാവിൻറെ മോചനം' എന്നതാണ്.
- മാംസ നിബദ്ധമായ ജീവിതത്തിന് ആദർശവാദി സ്ഥാനം കല്പിക്കുന്നില്ല; ആത്മാവു മാത്രമാണ് അയാളുടെ പരിഗണനയ്ക്കു വിഷയമാകുന്നത്.

- മനുഷ്യൻറെ ആത്മീയ സ്വഭാവമാണ് അവൻറ വ്യക്തിത്വത്തിൻറെ സത്ത എന്ന് അയാൾ വിശ്വസിക്കുന്നു.
- അതുകൊ
  ണ്ട് മനുഷ്യൻ ആത്മീയമായ ഒരന്തരീക്ഷം സ
- അതിനുള്ള ശേഷിയാണ് ഏറ്റവും വലിയ ദൈവാനുഗ്രഹം.
- ഈ ആത്മീയ ദർശനത്തിൽ മത്സരത്തിനും അസൂയക്കും സ്ഥാനമില്ല.

ENTRI

- ആദർശവാദത്തിന്റെ മൂന്നാമത്തെ സത്ത ഉദാത്തമായ ജീവിതമൂല്യങ്ങളുടെ അഥവാ ആദർശങ്ങളുടെ സാക്ഷാത്കാരമാണ്.
- ആദർശങ്ങൾ മനുഷ്യനിർമ്മിതമല്ലെന്ന് ആദർശവാദി വിശ്വസിക്കുന്നു. അവ പ്രപ
- അവയിൽ മുഖ്യമായത് സത്യം, നൻമ, സൗന്ദര്യം എന്നിവയാണ്.

- മനുഷ്യന് അവ
  സ്യ
  ഷ്ട്ടിക്കാനാവില്ല; കണ്ടെത്താൻ മാത്രമേ കഴി
- അതും അതിനായിത്തന്നെ പരിശ്രമിച്ചാൽ മാത്രം.

- ആദർശവാദി
  ക്ക് ജീവിതത്തിനും വിദ്യാഭ്യാസത്തിനും ലക്ഷ

- ആത്മീയമായ, സ്വതന്ത്രമായ മനസ്സിനുട മയാവണം മനുഷ്യൻ - അജ്ഞാനത്തിൽ നിന്നും ആർത്തികളിൽ നിന്നും കാമത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യം.
- പ്രപഞ്ചത്തിലെ എല്ലാ നല്ല വസ്തുക്കളിലും ദൈവിക ശക്തിയുടെ പ്രഭാവം ഉണ്ടെന്ന് ആദർശവാദി കരുതുന്നു.
- മനുഷ്യൻ്റെ ബൗദ്ധിക വ്യക്തിത്വം കായികവും വൈകാരികവുമായ വ്യക്തിത്വങ്ങളെക്കാൾ ശ്രേഷ്ഠമാണ്.

1. ആദർശവാദത്തിൻറെ വിവിധ രൂപങ്ങൾ:

- ആദർശവാദത്തിന് പല അവാന്തര വിഭാഗങ്ങ ളുണ്ട്.
- പ്ലേറ്റോണിക് ആദർശവാദം (Platonic Idealism) സാർവജനീനമായ ആശയങ്ങൾക്ക് ഊന്നൽ നൽകുന്നു.

ENTRI

- അരിസ്റ്റോട്ടിലിൻറെ വസ്തുനിഷ്ഠ ആദർശവാദം (Objective idealism) വ്യക്തിജീവിതത്തിന്റെ ലക്ഷ്യങ്ങളിൽ ആനന്ദത്തിനു പ്രാമുഖ്യം കല്പിക്കുന്നു.
- ബിഷ
  പ്്പ് ബർക്ക്‌ലിയുടെ ആത്മനിഷ്ഠ ആദർശവ

- ഇമ്മാനുവൽ കാൻറിന്റെ ഫിനോമിനൽ (Phenomenal) വീക്ഷണം പറയുന്നത് ഇന്ദ്രിയഗോചരമായവ മാത്രമല്ല യാഥാർത്ഥ്യം എന്നത്രെ.
- ഹെഗലിൻറ Absolute idealism അനുസരി
ച്ച് യാഥാർത്ഥ്യം ഒരു ജൈവപ്രതിഭാസമാണ്.

## 2. ആദർശവാദത്തിൻറെ മുഖ്യ പ്രയോക്താക്കൾ

i. വൈദികകാലത്തെ ഋഷിമാർ
ii. പ്ലേറ്റോ (427 - 347 ബി.സി.)
iii. കാൻറ് (1724 - 1801 എ.ഡി.)
iv. ഹെഗൽ (1770 - 1831 എ.ഡി.)
v. വില്യം ടി. ഹാരിസ് (1835 - 1909 എ.ഡി.)

vi. സ്വാമി ദയാനന്ദ (1825 - 1883 എ.ഡി.)
vii. രവീന്ദ്രനാഥ ടാഗോർ (1861 - 1941 എ.ഡി.)
viii. മഹാത്മാഗാന്ധി (1869 - 1948 എ.ഡി.)
ix. അരവിന്ദഘോഷ് (1872 - 1950 എ.ഡി.)

b. വിദ്യാഭ്യാസപരമായ പ്രസക്തി

1. വിദ്യാഭ്യാസതത്വങ്ങൾ

i. ആത്മീയ പരിസ്ഥിതിക്കു നൽകുന്ന പ്രാധാന്യം
ii. വിദ്യാഭ്യാസ ലക്ഷ്യം ആത്മസാക്ഷാത്ക്കാരം ആണെന്ന ബോധം

ENTRI

iii. വിദ്യാഭ്യാസ പ്രക്രിയയിൽ കുട്ടിയുടെ പങ്കാളിത്തത്തിനു നൽകുന്ന താരതമ്യേന അപ്രധാനമായ സ്ഥാനം

iv. പ്രായമായവരുടെ മാനദണ്ഡത്തിനൊത്ത് ശിശു വികസനത്തെ നോക്കിക്കാണുന്ന രീതി

v. ശിശുക്കളുടെ അച്ചടക്കത്തിനു നൽകുന്ന പ്രാധാന്യം

vi. പുസ്തകങ്ങളെ കേന്ദ്രീകരിച്ചുള്ള വിജ്ഞാന സമ്പാദനത്തിനു കല്പിക്കുന്ന പ്രാധാന്യം
vii. ഉത്തമമായതിനെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസ ധർമ്മം എന്ന ചിന്ത.
viii. വിദ്യാഭ്യാസത്തെ ദർശനത്തിന്റെ ചലനാത്മക പ്രക്രിയയായി വീക്ഷിക്കുന്ന പ്രവണത.

2. വിദ്യാഭ്യാസലക്ഷ്യങ്ങൾ:

- ആദർശവാദം രണ്ടുതരത്തിലുള്ള വിദ്യാഭ്യാസലക്ഷ്യങ്ങൾ മുന്നോട്ടു വെയ്ക്കുന്നു - ഒന്ന് വ്യക്തിവികസനത്തിനുവേണ്ടിയും.

ENTRI

- ആദ്യത്തെതിൽ വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം ആത്മസാക്ഷാത്ക്കാരമാണ്.
- ആത്മ സാക്ഷാത്ക്കാരം കൈവരിച്ച മനുഷ്യനാണ് ആദർശമാനവൻ. അയാൾ ആത്മീയ മൂല്യങ്ങൾ സ്വാംശീകരിച്ചിട്ടുണ്ടാകും.
- തൻമൂലം പ്രാകൃതിക മനുഷ്യനെ ആദർശമനുഷ്യനായി വികസിപ്പി ക്കുകയാവും വിദ്യാഭ്യാസലക്ഷ്യം.

- ആദർശമാനവൻ കായികവും ബൗദ്ധികവും വൈകാരികവും സാൻമാർഗ്ഗികവും ആത്മീയവുമായ പൂർണ്ണത നേടിയിരിക്കും - സമഗ്രവും സംയോജിതവും സമ്പൂർണ്ണവുമായ വികസനം.

- ആദർശവാദിയുടെ ദൃഷ്ടിയിൽ, വിദ്യാഭ്യാസത്തിൻറെ സാമൂഹികലക്ഷ്യം കുറ്റമറ്റതും യഥാർത്ഥ ജനകീയ സ്വഭാവം പുലർത്തുന്നതുമായ ഒരു സമൂഹത്തിൻറെ സൃഷ്ടിയാണ്.

- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങൾ
  ക്ക് ആത്മീയ ഭാവം നൽകുന്ന ജനായത്തവ്യ
- ആ സമൂഹത്തിൽ മനുഷ്യർ ഏകോദര സഹോദരരായിരിക്കണം.
- ആദർശാത്മക വിദ്യാഭ്യാസ വ്യവസ്ഥയിൽ വ്യക്തിലക്ഷ്യവും സാമൂഹികലക്ഷ്യവും പരസ്പരപൂരകങ്ങളാണ് എന്നുപറയാം.

3. പാഠ്യപദ്ധതി:

- ആദർശവാദമനുസരി
  ച്ച്, വിദ്യാഭ്യാസലക്ഷ്യം ആദർശമാനവൻറെ

ENTRI

- ആദർശപരമോ ആത്മീയമോ ആയ ഒരു വ്യക്തിത്വം രൂപപ്പെടുത്താൻ സഹായകമായ ഏതു വിഷയവും സ്വീകാര്യമായിരിക്കും.
- വിദ്യാഭ്യാസത്തിലൂടെ പഠിതാവിന് ഈശ്വരൻ്റ സൃഷ്ടിക്രമത്തെക്കുറിച്ചും മാനവചരിത്രത്തെക്കുറിച്ചും സാംസ്കാരികവും ആത്മീയവുമായ പൈതൃകത്തെക്കുറിച്ചും വ്യക്തമായ ധാരണ ലഭിക്കണം.

- ഭൗതികപ്രപഞ്ചം മനസ്സിൻ്റെ സൃഷ്ടിയാണെന്ന് ആദർശവാദം കരുതുന്നു. അതുകൊണ്
- സംസ്കാരം, കല, സന്മാർഗ്ഗബോധം, ചരിത്രം, ദർശനം, സാഹിത്യം, മതം എന്നിവയെല്ലാം മനുഷ്യമനസ്സാണ് ആവിഷ്കരിച്ചത്.

- അവയെല്ലാം മനുഷ്യൻറെ അനുഭവസമ്പത്തിൽനിന്നാണ് ഉടലെടുത്തത്.
- ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള
  മന
  സ്സ് സൃഷ്ടിക്കാൻ വേണ്ടി കായികവിദ്യാഭ്യാസ

- ആരോഗ്യം, ശുചിത്വം, വ്യായാമമുറകൾ, കായികപ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിരിക്കണം.
- വിവിധ മാനവിക വിഷയങ്ങളുടെ പഠനത്തിലൂടെ ബൗദ്ധികവും സാൻമാർഗ്ഗികവും സൗന്ദര്യാസ്വാദനപരവുമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനാവും.

- ചുരുക്കത്തിൽ, ആദർശവാദം ശാശ്വതമൂല്യമുള്ള അറിവുകൾ നേടുന്നതിനാണ് ഊന്നൽ നൽകുന്നത്.
- ശാസ്ത്രങ്ങളും സാങ്കേതിക വിദ്യയുംപോലും മാനവികത കലർത്തി വേണം പഠിപ്പിക്കുക.
- എങ്കിലേ ആത്മീയമായ ഉൾക്കാഴ്ച വികസിക്കുകയുള്ളു.

## 4. ബോധനരീതികൾ:

- യുക്തിബോധവും അനുമാന ചിന്തനശേഷികളും വളർത്താൻ സഹായകമായ രീതികൾക്കാണ് പ്രാധാന്യം.
- ഭാഷണരീതിക്കു പുറമെ ചർച്ചാരീതിയും സോക്രട്ടീസ് രീതിയും മനോവ്യാപാരത്തിനും മനശ്ശേഷികളുടെ വികസനത്തിനും വക നൽകുന്ന മറ്റു രീതികളും ആദർശവാദികൾ ശുപാർശ ചെയ്യുന്നു.

ENTRI

- പഠിതാവിന്റെ സ്വകാര്യാനുഭവങ്ങളുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രവർത്തനങ്ങൾ മാത്രമാണ് യഥാർത്ഥ പഠനപ്രവർത്തനങ്ങൾ എന്നത്രേ ഈ ദർശനത്തിന്റെ മതം.
- ഗുരുവിന്റെ കർശനമായ മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദേശമനുസരിച്ചും നടക്കുന്ന സ്വയം പ്രവർത്തനങ്ങളാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

5. അച്ചടക്കം (വിനയനം):

- സ്വാതന്ത്ര്യത്തെപ്പറ്റി തങ്ങളുടെതായ വ്യാഖ്യാനത്തിനനുസരണമായാണ് ആദർശവാദികളുടെ വിനയനസിദ്ധാന്തങ്ങൾ.
- കുട്ടികൾ ക്ക് സ്വാതന്ത്ര്യം അനുവദിക്കണം. പക്ഷേ അ

- സ്വാതന്ത്ര്യം എന്നത് തോന്നിയതു പോലെ എന്തും ചെയ്യാനുള്ള ലൈസൻസല്ല, അതിൽ ഉത്തരവാദിത്തവും ഉൾപ്പെടുന്നു.
- ശരിയായ അച്ചടക്കത്തിൻറെ ഫലമാണ് ആ സ്വാതന്ത്ര്യം.
- അതുകൊ
  ണ◌്ട് അധ്യാപകന്റെ പക്വത നിറഞ്ഞ മാർഗ്ഗദർ

- ആത്മവിനയത്തിനാണ് (Self discipline) ഊന്നൽ.
- മാനവവ്യവഹാരങ്ങൾ ക്ക് ബാഹ്യനിയന്ത്രണങ്ങളെക്കാൾ ആന്തരി
- പ്രശംസയും ശിക്ഷയും ആവശ്യമായി വരാം. വിനയനത്തിൽ പഠിതാവിന്റെ ഇച്ഛാശക്തി ക്ക് ആദർശവാദം വളരെ പ്രാധാന്യം കല്പിക

6. അധ്യാപകരുടെ പങ്ക്:

- ആദർശവാദമനുസരിച്ചുള്ള വിദ്യാഭ്യാസത്തിൽ അധ്യാപകരുടെ സ്ഥാനം നിർണ്ണായകമാണ്.
- അധ്യാപകർ ക്ക് ആദർശദർശനം കല്പിക്കുന്നത്ര പ്രാധാ

ENTRI

- അതേസമയം ആദർശവാദം അധ്യാപകരിൽനിന്നും വളരെയേറെ പ്രതീക്ഷിക്കുന്നുമുണ്ട്.
- മാതൃകാപരമായ വ്യക്തിത്വത്തിന്റെ വികസനം അദ്ധ്യാപകന്റെ മാത്രം സൃഷ്ടിയാണ്.

- വിദ്യാഭ്യാസപ്രക്രിയയുടെ താക്കോൽ അധ്യാപകന്റെ കയ്യിലാണ്. റോസ് (Ross) പറഞ്ഞതുപോലെ വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്ന ഏറ്റവും മുഖ്യമായ പാരിസ്ഥിതിക ശക്തി അധ്യാപകൻതാണ്; പഠിതാവിനെ പരമമായ സത്യത്തോട് അടുപ്പിക്കുകയും അവനെ സഹായ ആകാവുന്നത്ര പൂർണ്ണതയിൽ എത്തിക്കുകയും ആണ് ആ ശക്തിയുടെ ധർമ്മം.

- പഠിതാക്കൾ
  ക്ക് അനുകരിക്കാനൊരു മാതൃകയാകത്തക
- ശിശുവിന്റെ
  സൂ
  ക്ഷ്മ വ്യക്തിത്വത്തെയും പരമമായ വിശിഷ്ട
- അധ്യാപകന് പക്വത വേണം; തന്നെപ്പറ്റിയും
  ചുറ്റുമുള്ള പ്രപഞ്ചത്തെപ്പറ്റിയും
  വ്യക്തമായ ധാരണയും വേണം.

- പാണ്ഡിത്യം കൊണ്ടും ഉദ്ബോധനങ്ങൾ കൊണ്ടും പഠിതാക്കളോടുള്ള ആത്മാർത്ഥത കൊണ്ടും അന്തസ്സുറ്റ വ്യവഹാരശൈലി കൊണ്ടും വിദ്യാർത്ഥികളുടെ ആദരവ് ആർജ്ജിക്കാൻ അധ്യാപകനു കഴിയണം.
- അല്ലാതെ ആദരവു ചോദിച്ചുവാങ്ങാവുന്നതല്ല.

- പഠിതാക്കളിൽ പഠിക്കാനുള്ള താത്പര്യം വളർത്തേണ്ടത് അധ്യാപകൻ തന്നെ.
- അനുകമ്പയും സ്നേഹവും കൊ ണ്ട്, സ്വയം പഠിക്കാനും വികസിക്കാനും പ്രേ
- സ്നേഹിതൻ, ദാർശനികൻ, മാർഗ്ഗദർശി (friend, philosopher and guide) എ ന്ന് അധ്യാപകനെ വിശേഷിപ്പിക്കാറുണ്ടല്ലോ.

- ശരിയായ പാത ഏതെന്നു കണ്ടെത്താൻ സഹായിക്കുക, ആവശ്യമുള്ളപ്പോൾ നിയന്ത്രിക്കുക, വികസനത്തെ ഉത്തേജിപ്പിക്കുന്ന സാഹചര്യം ഒരുക്കുക - ഇതു മൂന്നും ഇണക്കിച്ചേർത്ത ഒരു മാർഗ്ഗദർശനശൈലിയാണ് അധ്യാപകൻ സ്വീകരിക്കേണ്ടത്.

ENTRI

7. വിദ്യാഭ്യാസത്തിനു ആദർശവാദത്തിന്റെ സംഭാവനകൾ

i. മാനസികവും ആത്മീയവുമായ മണ്ഡലങ്ങൾക്ക് പ്രാധാന്യം നൽകുന്നു; അങ്ങനെ വ്യക്തിയുടെ സമ്പൂർണ്ണവികസനം വിദ്യാഭ്യാസലക്ഷ്യമായി അംഗീകരിക്കുന്നു.

ENTRI

ii. പ്രാചീനസംസ്ക്കാരത്തിന് അർഹമായ സ്ഥാനം നൽകണം എന്നു നിർദ്ദേശിക്കുന്നു; തൻമൂലം സാഹിത്യം, കലകൾ, ഗണിതം, ശാസ്ത്രം എന്നിവയുടെ വികസനത്തിന് പ്രേരണ നൽകുന്നു.

iii. എല്ലാ മനുഷ്യർക്കും വിദ്യാഭ്യാസത്തിന് അവസരം നൽകണം എന്നു വിശ്വസിക്കുന്നു; അങ്ങനെ സാർവ്വത്രിക വിദ്യാഭ്യാസം എന്ന ആശയത്തെ പ്രോൽസാഹിപ്പിക്കുന്നു.

iv. സാമൂഹികസംസ്കാരം പുഷ്ടിപ്പെടുത്തുമാറ് വിദ്യാർത്ഥികളുടെ സ്വഭാവസംസ്കര ണത്തിന് ഊന്നൽ നൽകുന്നു.

v. വ്യക്തിത്വ വികസനത്തിന് പ്രധാന്യം നൽകുക വഴി പഠനബോധന രംഗത്തെ മാനുഷിക ബന്ധങ്ങൾക്ക് ഒരു പുത്തൻ ശൈലി നിർദ്ദേശിക്കുന്നു.

vi. പാഠ്യപദ്ധതി, അധ്യാപകരുടെ പങ്കാളിത്തം, ബോധനരീതികൾ എന്നിവയ്ക്കെല്ലാം വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

vii. വിദ്യാഭ്യാസം ആദർശങ്ങളെ കേന്ദ്രീകരിച്ചുള്ളതാകയാൽ, അധ്യാപകന്റെ മാതൃകാവ്യക്തിത്വവുമായുള്ള ഇടപഴകൽ പഠിതാവിനെ സ്വാധീനിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പഠനാനുഭവമായി മാറുന്നു.

viii. ആദർശവാദം മനുഷ്യന് അർഹമായ സ്ഥാനം കല്പിക്കുന്നതുകൊണ്ട് വിദ്യാഭ്യാസസ്ഥാ പനങ്ങൾ ശരിയായ പഠനകേന്ദ്രങ്ങളുടെ നിലവാരം പുലർത്തുന്നു.

8. ആദർശവാദത്തിന് വിദ്യാഭ്യാസരംഗത്തുള്ള പരിമിതികൾ

i. മുൻകൂട്ടി നിർണ്ണയിക്കപ്പെട്ട മൂല്യങ്ങൾക്ക് ഊന്നൽ നൽകുന്നതുകൊണ്ട് ശാസ്ത്രീയ പുരോഗതിയുടെ ഈ കാലഘട്ടത്തിൽ ആദർശവാദം പലപ്പോഴും പഴഞ്ചനായി കരുതപ്പെ ടുന്നു.

ENTRI

ii. മാതൃകകളെ അനുകരിക്കുന്നതിന് ആദർശവാദം പ്രാധാന്യം നൽകുന്നു; അതേസമയം പുതിയ തലമുറ വ്യവഹാരങ്ങളിൽ മൗലികതയാണ് ഇഷ്ടപ്പെടുന്നത്.

iii. നല്ല വ്യവഹാരശൈലിക്കും വിനയനത്തിനും അങ്ങേയറ്റം പ്രാധാന്യം നൽകുന്നുണ്ട്. അതിന്റെ ശരിയായ സ്വഭാവം മനസ്സിലാക്കാതെ ഒതുങ്ങിക്കൂടുകവഴി പഠിതാക്കൾക്ക് ആത്മവിശ്വാസം നഷ്ടപ്പെടാം.

iv. വിജ്ഞാനസമ്പാദനത്തിന് നൽകുന്ന അമിതപ്രാധാന്യംമൂലം യാന്ത്രികമായ അറിവു സംഭരിക്കുന്ന ശാലകളായി വിദ്യാലയങ്ങൾ മാറിപ്പോകാം.

v. ആധുനിക സാങ്കേതിക വിദ്യയുടെ സ്വാധീനം നിറഞ്ഞ അന്തരീക്ഷത്തെ ആദർശവാദം വേണ്ടത്ര ശ്രദ്ധിക്കാതെ പോകുന്നു.

# THANK YOU